(ബി) കിഫ്ബിയുടെ ധനകാര്യ അനുമതി സംബന്ധിച്ച് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(സി) കിഫ്ബി അനുമതി ലഭ്യമാക്കി പദ്ധതി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ; അറിയിക്കാമോ?

(എ-സി) കോട്ടക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം കാങ്കക്കടവ് റെഗുലേറ്റർ നിർമ്മിക്കുന്നതിനായി ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസിയായ കേരളാ ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ സമർപ്പിച്ച പദ്ധതി റിപ്പോർട്ട് തൃപ്തികരമല്ലാത്തതിനാൽ കിഫ്ബി നിയോഗിച്ച സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് എന്ന ഏജൻസി പദ്ധതി സ്ഥലം സന്ദർശിച്ച് പരിശോധന നടത്തി പുതുക്കിയ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിവരുന്നു. പദ്ധതി റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് കിഫ്ബിയുടെ ധനകാര്യ അനുമതി സംബന്ധിച്ച നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

കിഫ്ബി പദ്ധതികൾ

28(291) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) 2016 മേയ് മുതൽ 2021 ഏപ്രിൽ 30 വരെ എത്ര പദ്ധതികൾക്കാണ് കിഫ്ബി ഭരണാനുമതി നൽകിയത്; ഭരണാനുമതി നൽകിയ പദ്ധതികളുടെ ആകെ എസ്റ്റിമേറ്റ് തുക എത്രയാണ്?

2016 മേയ് മുതൽ 2021 ഏപ്രിൽ 30 വരെ 63,259.32 കോടി രൂപയുടെ 903 പദ്ധതികൾക്കാണ് കിഫ്ബിയിൽ ഉൾപ്പെടുത്തി സാമ്പത്തികാനുമതി നൽകിയിട്ടുള്ളത്.

(ബി) ഭരണാനുമതി നൽകിയ പദ്ധതികളിൽ എത്ര കോടി രൂപയുടെ പദ്ധതികൾ 2021 ഏപ്രിൽ 30-ന് മുമ്പ് ടെണ്ടർ ചെയ്തു?

സാമ്പത്തികാനുമതി നൽകിയ പദ്ധതികളിൽ 23,197.90 കോടി രൂപയുടെ പദ്ധതികൾ ടെണ്ടർ ചെയ്തു.

(സി) ഭരണാനുമതി നൽകിയ പദ്ധതികളിൽ എത്ര കോടി രൂപയുടെ പദ്ധതികൾ പ്രസ്തുത തീയതിക്കുമുമ്പ് പൂർത്തിയാക്കി?

ഭരണാനുമതി നൽകിയ പദ്ധതികളിൽ 2,942.63 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പൂർത്തിയാക്കിയ പദ്ധതികൾക്കെല്ലാമായി 2021 ഏപ്രിൽ 30 വരെ കിഫ്ബി എന്ത് തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

പൂർത്തീകരിക്കപ്പെട്ട പദ്ധതികൾക്കായി 2021 ഏപ്രിൽ 30 വരെ 23,78,30,70,850.71 രൂപ കിഫ്ബിയിൽനിന്നും നൽകിയിട്ടുണ്ട്.

കിഫ്ബി മസാല ബോണ്ട്

29(292) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാന സർക്കാരിന്റെ ഗ്യാരന്റിയിൽ കിഫ്ബി 31.03.2021 വരെ ബോണ്ടുവഴിയും മറ്റു വിധത്തിലും എത്ര കോടി രൂപ സമാഹരിച്ചെന്നറിയിക്കാമോ?

കിഫ്ബി ആഭ്യന്തര-അന്താരാഷ്ട്ര വിപണികളിൽനിന്നായി ലോണുകൾ, ബോണ്ടുകൾ എന്നിങ്ങനെ വിവിധ മാർഗ്ഗങ്ങളിലൂടെ 7-6-2021 വരെ 7,576.11 കോടി രൂപ സമാഹരിച്ചിട്ടുണ്ട്.

(ബി) കിഫ്ബി മസാല ബോണ്ടുവഴി തുക സമാഹരിച്ചത് ഭരണഘടനാവിരുദ്ധമാണെന്ന് സി&എ.ജി. കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അത്തരം ഒരു നിഗമനത്തിൽ സി&എ.ജി. എത്തിച്ചേർന്നത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കാമോ?

കിഫ്ബിയുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച അവാസ്തവമായ ചില നിരീക്ഷണങ്ങൾ സി&എ.ജി. നടത്തുയുണ്ടായി. കിഫ്ബി വിദേശത്തുനിന്നും സമാഹരിച്ച മസാല ബോണ്ട് സംബന്ധിച്ച നിരീക്ഷണങ്ങളും ഇതിൽപ്പെടുന്നു. സി&എ.ജി-യുടെ നിരീക്ഷണങ്ങൾ താഴെ പറയുന്നവയായിരുന്നു.

- കിഫ്ബി വായ്പകൾ ഭരണഘടനയുടെ അനുച്ഛേദം 293(1)-ന് വിരുദ്ധമാണ്. ധന ഉത്തരവാദിത്ത നിയമത്തിലെ ധനക്കമ്മി പരിധിയുടെ ലംഘനമാണ്.

- സംസ്ഥാന സർക്കാരിന്റെ ഗ്യാരണ്ടിയോടെയുള്ള കിഫ്ബി വായ്പകൾ സംസ്ഥാന സർക്കാരിന്റെ ഡയറക്ട് ലയബിലിറ്റിയാണ്, കണ്ടിജന്റ് ലയബിലിറ്റി അല്ല.

- കിഫ്ബി വായ്പകൾ ഭരണഘടനാനുസൃതമല്ലെന്നും ഭരണഘടനാ അനുച്ഛേദം 293 പ്രകാരമുള്ള പരിധി ലംഘിക്കുന്നതുമാണ്.